**2. 'സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും പത്രങ്ങൾ നിർണായകമായ പങ്കു വഹിച്ചുകൊണ്ടിരിക്കുന്നു.'**
**ഈ വാദഗതി സമർഥിക്കാനാവശ്യമായ ഏതെങ്കിലും പത്രവാർത്തയോ ലേഖനമോ മുഖപ്രസംഗമോ അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.**

**ഉത്തരമാതൃക**

പ്രശസ്ത കവയിത്രിയും പരിസ്ഥിതിപ്രവർത്തകയുമായ സുഗതകുമാരി എഴുതിയ 'കേരളത്തിന്റെ ചിഹ്നം മണ്ണുമാന്തിയന്ത്രം' എന്ന ലേഖനം മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഒരു ഗ്രാമത്തെയാകെ ഇല്ലാതാക്കിയ, അനേകരെ ദുരിതത്തിലാക്കിയ, ഒരുപാട് ജീവനുകൾ അപഹരിച്ച 2019ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഗൗരവമായ ചില പ്രശ്നങ്ങൾ അവതരിപ്പിക്കുകയാണ് ഈ ലേഖനത്തിൽ സുഗതകുമാരി.

നമ്മുടെ നാടിന്റെ ചിഹ്നം മണ്ണുമാന്തിയന്ത്രമായിട്ട് വർഷങ്ങളായി എന്ന് സുഗതകുമാരി പറയുന്നു. മലയിടിച്ച് പാറപൊട്ടിക്കാനും ടൂറിസ്റ്റുകൾക്കുവേണ്ടി ആകർഷകമായ റിസോർട്ടുകൾ പണിയാനും തടയണകൾ ഉണ്ടാക്കി ചോലകൾ തിരിച്ചുവിടാനും മണൽ വാരാനും കുന്നിടിച്ച് നിരപ്പാക്കാനും മരം ഇളക്കി മറിക്കാനും മണ്ണുമാന്തിയന്ത്രം വേണം. ഇതിന്റെയൊക്കെ ഫലമായി ഉണ്ടാകുന്ന ഉരുൾപൊട്ടലിൽ ഒഴുകിവന്ന പാറകൾ നീക്കിയിടാനും ചെളിക്കൂമ്പാരങ്ങൾക്കിടയിൽ നിന്ന് ജഡങ്ങൾ മാന്തിയെടുക്കാനും മണ്ണുമാന്തിയന്ത്രം വേണം. അതുകൊണ്ടാണ് കേരളത്തിന്റെ

ചിഹ്നം മണ്ണുമാന്തിയന്ത്രം തന്നെയാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നത് എന്ന് നെഞ്ചുനീറി അവർ എഴുതുന്നത്. കേരളത്തിന്റെ പരിസ്ഥിതി നശിച്ചു. മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും നിലനില്പുതന്നെ അപകടത്തിലായിക്കഴിഞ്ഞു. നാലുദിവസം തുടർച്ചയായി മഴ പെയ്താൽ മലയാളികൾ ഭയന്നു തുടങ്ങും. പ്രകൃതിയുടെ സംഹാരതാണ്ഡവത്തിന് നാമിന്ന് ഇരയാകുന്നതിനു കാരണം അറിവില്ലായ്മയ്ക്കപ്പുറം അറിഞ്ഞുകൊണ്ട് ചെയ്യുന്ന പരിസ്ഥിതി ദ്രോഹപ്രവർത്തനങ്ങളാണ്.

ഭൂനിയമങ്ങൾ, കെട്ടിടനിർമ്മാണനിയമങ്ങൾ, നദീസംരക്ഷണ നിയമങ്ങൾ, നെൽവയൽ - നീർത്തട നിയമങ്ങൾ, ഖനന നിയമങ്ങൾ ഇങ്ങനെ നിയമങ്ങൾ നമുക്ക് അനവധിയാണ്. അവയൊക്കെ നടപ്പിലാക്കാൻ ഉദ്യോഗസ്ഥരും. പക്ഷേ നിയമങ്ങൾ എല്ലാവർക്കും ബാധകമല്ല. പശ്ചിമഘട്ടസംരക്ഷണമെന്നാൽ നാടിന്റെ സംരക്ഷണമാണെന്നും മലഞ്ചെരുവുകളിൽ വലിയ കെട്ടിടങ്ങൾ നിർമിക്കരുത് എന്നും കാടുവെട്ടരുത് എന്നും മലയിടിക്കരുത് എന്നും ക്വാറികൾ ഉണ്ടാക്കുന്ന പ്രകമ്പനം മലനിരകളെ ദുർബലമാക്കുമെന്നും ലേഖിക ഓർമിപ്പിക്കുന്നു. മലകളിലെ റോഡുവെട്ടും തടയണകെട്ടലും ആപത്താണെന്നും മലഞ്ചെരിവുകൾ കുഴിച്ചുള്ള കൃഷി മണ്ണൊലിപ്പുണ്ടാക്കുമെന്നും നീരൊഴുക്കുകളുടെ ഗതി തടയരുത് എന്നുമൊക്കെ ഈ ലേഖനത്തിൽ പറയുന്നുണ്ട്. ഭരണാധിപന്മാരെയും രാഷ്ട്രീയനേതാക്കളെയും മതാദ്ധ്യക്ഷന്മാരെയും മുതലാളിമാരെയും ശക്തമായി വിമർശിക്കുകയും വിവേകപൂർവം ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ലേഖനമാണിത്. പ്രകൃതിയോടുള്ള നമ്മുടെ ഇടപെടലിൽ മാറ്റം അനിവാര്യമാണെന്നും അല്ലാത്തപക്ഷം സർവനാശമായിരിക്കും ഫലം എന്നും ഓർമിപ്പിക്കുന്നു ഈ ലേഖനം.